# 113/24-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| | |
|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. പ്രീസ്കൂൾ വിദ്യാഭ്യാസം സാർവത്രികമാകേണ്ടതിന്റെ ആവശ്യകതയിൽ ഉൾപ്പെടാത്തതേത് ?
   A) ബാല്യകാല അനുഭവങ്ങളുടെ പ്രസക്തി
   B) കൂടുതൽ ശ്രദ്ധയും പരിചരണവും ലഭിക്കാൻ
   C) അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിക്കാൻ
   D) സാമൂഹിക നീതി അവസരതുല്യത ഉറപ്പാക്കൽ

2. ദളിതർക്ക് വിദ്യാഭ്യാസവും സാമൂഹികാവശ്യങ്ങളും നേടാൻ ധീര നിലപാടുകൾ സ്വീകരിച്ച നവോത്ഥാന നായകൻ
   A) രാജാറാം മോഹൻറോയ്
   B) ശ്രീനാരായണഗുരു
   C) അയ്യങ്കാളി
   D) വക്കം മൗലവി

3. 'തന്റെ പര്യാവരണത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഒരാളിലുള്ള എല്ലാ കഴിവുകളും വികസിപ്പിക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം' എന്നഭിപ്രായപ്പെട്ട ദാർശനികൻ
   A) ടാഗോർ
   B) ജോൺഡ്യൂയി
   C) റൂസ്സോ
   D) കൊമിനിയസ്

4. പ്രീസ്കൂൾ കുട്ടികൾ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ പ്രധാന ലക്ഷ്യം എന്ത് ?
   A) കലാസ്വാദന ശേഷി വികസനം
   B) ആരോഗ്യശീലങ്ങൾ വളർത്തൽ
   C) സ്ഥൂല പേശീവികസനം
   D) സൂക്ഷ്മപേശീ വികസനം

5. 'ജനാധിപത്യ ക്രമമാണ് സാമൂഹിക വളർച്ചയ്ക്ക് ഏറ്റവും അഭികാമ്യം' എന്ന ദാർശനിക ചിന്താധാര ഉൾപ്പെടുന്നത്
   A) ആശയവാദം
   B) മാനവിക വാദം
   C) പ്രായോഗിക വാദം
   D) പ്രകൃതി വാദം

6. പ്രശ്നോന്നീത വിദ്യാഭ്യാസത്തിന്റെ (Problem posing education) വക്താവ്
   A) പൗലോ ഫ്രെയർ
   B) മറിയ മോണ്ടിസോറി
   C) സ്വാമി വിവേകാനന്ദൻ
   D) ഗാന്ധിജി

7. താഴെ പറയുന്നവയിൽ സംസ്കാരത്തെ സംബന്ധിച്ച് ശരിയല്ലാത്തതേത് ?
   A) സംസ്കാരം പരിവർത്തന വിധേയമല്ല
   B) സംസ്കാരം സഞ്ചിതമാണ്
   C) സംസ്കാരം വിലയിരുത്തലാണ്
   D) സംസ്കാരം വ്യക്തിത്വത്തെ സ്വാധീനിക്കുന്നു

8. ജനാധിപത്യ രീതിയുടെ അടിസ്ഥാന തത്ത്വങ്ങളിൽ പെടാത്തതേത് ?
   A) വ്യക്തി സ്വാതന്ത്ര്യം
   B) അവസര സമത്വം
   C) അവകാശ ലംഘനം
   D) ചർച്ചാ സ്വാതന്ത്ര്യം

9. ഭരണഘടനയുടെ ഏത് വകുപ്പാണ് 14 വയസ്സിൽ താഴെയുള്ള കുട്ടികൾ കാർഷിക, വ്യാവസായിക മേഖലകളിൽ ജോലി ചെയ്യുന്നത് നിരോധിക്കുന്നത് പ്രതിപാദിക്കുന്നത് ?
   A) ആർട്ടിക്കിൾ – 15
   B) ആർട്ടിക്കിൾ – 28
   C) ആർട്ടിക്കിൾ – 24
   D) ആർട്ടിക്കിൾ – 45

10. മതേതര വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കാൻ സ്വീകാര്യമല്ലാത്തത് ?
   A) എല്ലാ മതത്തിൽപെട്ടവരും പൊതുസ്ഥാപനത്തിൽ പഠിക്കൽ
   B) മത ബോധനത്തിന് അവസരം ഒരുക്കൽ
   C) എല്ലാ മതങ്ങളുടെയും ആഘോഷങ്ങളിൽ പങ്കുചേരാനവസരം
   D) ഏതെങ്കിലും ഒരു മതത്തിന് അറിഞ്ഞോ അറിയാതെയോ പ്രമുഖ്യം ലഭിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കൽ

11. മാനസിക-സാമൂഹിക-വൈകാരിക ആരോഗ്യക്കുറവിന്റെ ലക്ഷണങ്ങളിൽ ഉൾപ്പെടാത്തതേത് ?
   A) കുടുംബകലഹങ്ങൾ
   B) ആത്മഹത്യ
   C) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ
   D) രോഗാണുക്കളെ ചെറുത്ത് നിൽക്കാനുള്ള ശരീരത്തിന്റെ ശേഷിക്കുറവ്

12. അമീബിക് മസ്തിഷ്കജ്വരം എന്ന അസുഖത്തിന് കാരണമായ രോഗാണു ഏത് ?
   A) നെഗ്ളേറിയ ഫൗലോറി
   B) കാൻഡിഡാ ആൽബിക്കൻസ്
   C) സ്റ്റഫിലോകോക്കസ്
   D) പ്ലാസ്മോഡിയം

13. താഴെ കൊടുത്തിരിക്കുന്നവയിൽ മുലയൂട്ടലുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
   A) കൊളസ്ട്രം പോഷക സമൃദ്ധമാണ്.
   B) കുഞ്ഞിനെ രോഗങ്ങളിൽ നിന്ന് ചെറുക്കുന്നു.
   C) കുഞ്ഞിന്റെ വായും പല്ലും ശരിയായ നിലയിലാകുന്നു.
   D) സ്തനാർബുദം വരുന്നതിനുള്ള സാധ്യത കൂടുന്നു.

14. മാംസ്യത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗം ഏത് ?
   A) നിശാന്ധത
   B) ക്വാഷിയോർക്കർ
   C) റിക്കറ്റ്
   D) വിളർച്ച

15. ഇന്ത്യൻ കുഞ്ഞിന് ജനനസമയത്ത് ഉണ്ടായിരിക്കേണ്ട ശരാശരി തൂക്കം എത്ര കിലോഗ്രാമാണ് ?
   A) 2.25 കിലോഗ്രാം
   B) 2.5 കിലോഗ്രാം
   C) 2.9 കിലോഗ്രാം
   D) 2 കിലോഗ്രാം

16. ഗോയിറ്റർ വരാതിരിക്കുന്നതിന് ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തേണ്ട ഭക്ഷണം ഏത് ?
   A) ക്യാബേജ്
   B) കടൽ മത്സ്യങ്ങൾ
   C) ക്വാളീഫ്ലവർ
   D) റാഡിഷ്

17. ഡി.പി.റ്റി. പ്രതിരോധ കുത്തിവയ്പ്പ് വഴി പ്രതിരോധിക്കാൻ പറ്റാത്ത രോഗം ഏത് ?
A) ക്ഷയം B) വില്ലൻ ചുമ C) ടെറ്റനസ് D) ഡിഫ്ത്തീരിയ

18. ലോക എയ്ഡ്സ് ദിനം എന്ന് ?
A) ജനുവരി – 1 B) ഡിസംബർ – 1 C) സെപ്റ്റംബർ – 1 D) ജൂൺ – 1

19. ഗർഭം ധരിക്കുന്നതിനും പ്രസവിക്കുന്നതിനുമുള്ള ഉത്തമ പ്രായം
A) 18-21 മധ്യേ
B) 18-30 മധ്യേ
C) 25-35 മധ്യേ
D) 21-25 മധ്യേ

20. മഞ്ഞപ്പിത്തം ഏത് അവയവത്തെയാണ് ബാധിക്കുന്നത് ?
A) കുടൽ
B) കരൾ
C) വൃക്ക
D) ശ്വാസകോശം

21. പ്രീസ്കൂൾ കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, അങ്കണവാടി എന്നിവർക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഏത് വകുപ്പിന്റെ കീഴിലാണ് ?
A) ഗ്രാമ വികസന വകുപ്പ്
B) വിദ്യാഭ്യാസ വകുപ്പ്
C) സാമൂഹ്യക്ഷേമ വകുപ്പ്
D) ആരോഗ്യ വകുപ്പ്

22. പ്രീസ്കൂൾ കുട്ടികളുടെ പഠനത്തിനായി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ വർക്ക് ബുക്ക്
A) കിളിക്കൊഞ്ചൽ
B) കളിപ്പാട്ടം
C) കളിത്തോണി
D) കളിവീട്

23. ട്രൈബൽ മേഖലയിൽ 1000 ജനങ്ങൾ ഉണ്ടെങ്കിൽ എത്ര അങ്കണവാടികൾ ലഭിക്കും ?
A) 0 B) 1 C) 2 D) 3

24. മാനവികവിഭവ വികസന മന്ത്രാലയത്തിന്റെ (MHRD) അക്കാദമിക ഉപദേശക സ്ഥാപനം ഏത് ?
A) NCTE B) SCERT C) NCERT D) ICCW

25. രാഷ്ട്ര പുനർ നിർമ്മാണത്തിനുവേണ്ടി ജനങ്ങളുടെ പ്രയത്നശേഷി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ആരംഭിച്ച സംഘടന ഏത് ?
A) റെഡ് ക്രോസ് B) WHO C) BSS D) CARE

26. പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്തർദ്ദേശീയ വിദ്യാഭ്യാസ ഏജൻസി
A) UNICEF B) UNESCO C) WHO D) Red Cross

27. അങ്കണവാടികൾ നൽകുന്ന സേവനങ്ങളിൽ പെടാത്തതേത് ?
A) ആരോഗ്യ പരിശോധന
B) ഔപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം
C) പോഷകാഹാര പരിപാടികൾ
D) പ്രാഥമികാരോഗ്യ റഫറൽ കേന്ദ്രങ്ങൾ

28. NIPCCD യുടെ പ്രവർത്തന വിഭാഗങ്ങളിൽ പെടാത്തതേത് ?
A) പൊതുജന സഹകരണ വിഭാഗം
B) ശിശുവികസന വിഭാഗം
C) വിദ്യാഭ്യാസ നയരൂപീകരണ വിഭാഗം
D) പരിശീലന വിഭാഗം

29. വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ നയം രൂപപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളിൽ പ്രവർത്തിക്കുന്ന ഏജൻസി ഏത് ?
A) NCTE
B) DIET
C) NCERT
D) NIPCCD

30. NCTE Act പാർലമെന്റ് പാസാക്കിയ വർഷം ഏത് ?
A) 1995
B) 1994
C) 1993
D) 1997

31. 2017-ൽ ഉദ്ഘാടനം ചെയ്ത സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഒരു സംരംഭം ഏതാണ് ?
A) അമ്മത്തൊട്ടിൽ
B) തണൽ
C) ദത്തെടുക്കൽ കേന്ദ്രം
D) അംഗൻവാടി ട്രെയിനിങ് സെന്റർ

32. രക്ഷിതാക്കൾ കുട്ടികളോട് എങ്ങനെ പെരുമാറണം ? ശരിയായ പ്രസ്താവനകൾ മാത്രം തെരെഞ്ഞെടുത്തെഴുതുക.
i. തെറ്റു കണ്ടാൽ വിമർശിക്കുക.
ii. ആരോഗ്യകരമായ ചുറ്റുപാടുകൾ ലഭ്യമാക്കുക.
iii. കുട്ടികൾക്ക് വാൽസല്യവും സ്നേഹവും നൽകുക.
iv. മറ്റു കുട്ടികളുമായി താരതമ്യം ചെയ്യുക.
A) ii, iii എന്നീ പ്രസ്താവനകൾ
B) iii, iv എന്നീ പ്രസ്താവനകൾ
C) ii, iv എന്നീ പ്രസ്താവനകൾ
D) i, iii എന്നീ പ്രസ്താവനകൾ

33. 'ഓരോ വീടും ഒരു വിദ്യാലയം കൂടിയാണ്. മാതാപിതാക്കൾ അധ്യാപകരും' – എന്ന് അഭിപ്രായപ്പെട്ടതാരാണ് ?
A) ജവഹർലാൽ നെഹ്റു
B) എസ്. രാധാകൃഷ്ണൻ
C) ശ്രീനാരായണ ഗുരു
D) മഹാത്മാഗാന്ധി

34. തീമുകൾ പരിഗണിക്കുമ്പോൾ ഉറപ്പ് വരുത്തേണ്ട പ്രധാന സാധ്യതകളിലൊന്ന് താഴെ കൊടുത്തവയിൽ ഏതാണ് ?
A) ഇംഗ്ലീഷ് ഭാഷാപഠന സാധ്യത
B) ചാക്രികാരോഹണ സാധ്യത
C) ഗണിതപഠന സാധ്യത
D) പരീക്ഷകേന്ദ്രീകൃതം

35. താഴെ കൊടുത്തവയിൽ പ്രീസ്കൂൾ വിലയിരുത്തൽ ലക്ഷ്യങ്ങളിൽ പെടാത്ത പ്രസ്താവന തെരെഞ്ഞെടുത്തെഴുതുക.
A) രക്ഷിതാക്കൾക്ക് ഫീഡ്ബാക്ക് നൽകുന്നതിന്
B) കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന്
C) പ്രീസ്കൂൾ പഠന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്
D) കുട്ടികളെ വിലയിരുത്തി ഗ്രേഡ് നൽകുന്നതിന്

36. സംസാരവൈകല്യമുള്ള കുട്ടികളെ എങ്ങനെ തിരിച്ചറിയാം ?
    A) ഒരു കാര്യം വീണ്ടും വീണ്ടും പറയാൻ ആവശ്യപ്പെടും
    B) സംസാരിക്കാൻ താമസം
    C) എപ്പോഴും ബോർഡിനടുത്തു തന്നെ വന്നു നിൽക്കും
    D) തെറ്റായ ഉച്ചാരണം

37. ചിത്രരചനയുടെയും എഴുത്തിന്റെയും ബാലപാഠങ്ങൾ കുട്ടി സ്വായത്തമാക്കുന്ന രീതി
    A) സ്ക്രിബ്ലിങ്
    B) വിരൽ ചിത്രങ്ങൾ
    C) മാർബിളിങ്
    D) ലൈൻഡ്രോയിങ്

38. ദേശീയ വിദ്യാഭ്യാസ നയം 2020 പ്രകാരം പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ കുട്ടികളുടെ പ്രായം ഏതാണ് ?
    A) 2 മുതൽ 5 വരെ
    B) 3 മുതൽ 5 വരെ
    C) 3 മുതൽ 6 വരെ
    D) 4 മുതൽ 6 വരെ

39. പ്രീസ്കൂളിന് ഉൾപ്പെടെ പ്രയോജനപ്പെടുന്ന തരത്തിൽ ദേശീയതലത്തിൽ തയ്യാറാക്കിയ വിഭവശേഖരത്തിനു പറയുന്ന പേരെന്താണ് ?
    A) സ്വയം
    B) ദീക്ഷ
    C) ഇ-പാഠശാല
    D) ഇ-യന്ത്ര

40. 'സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ' എന്ന പ്രവർത്തനം കുട്ടിയുടെ ഏതു വികാസ മേഖലയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത് ?
    A) ഭാഷാവികാസം
    B) ശാരീരികചാലക വികാസം
    C) വൈജ്ഞാനിക വികാസം
    D) സാമൂഹിക വൈകാരിക വികാസം

41. പ്രീസ്കൂളിലെ പ്രകൃതി നടത്തം എന്ന പ്രവർത്തനത്തിന്റെ ഗുണങ്ങളിൽ പെടാത്തത് തെരെഞ്ഞെടുത്തെഴുതുക.
    A) ശേഖരിക്കാനുള്ള മനോഭാവം
    B) സൂക്ഷ്മമായ നിരീക്ഷണ ശേഷി
    C) യാത്രാവിവരണം എഴുതാനുള്ള ശേഷി
    D) അനുഭവങ്ങൾ വിവരിക്കാനുള്ള ശേഷി

42. താഴെ കൊടുത്തവയിൽ ചിത്രരചനയുടെ വിലയിരുത്തൽ രീതിയിൽ പെടാത്തത് തെരെഞ്ഞെടുത്തെഴുതുക.
    A) അവതരണരീതിയിലുള്ള പുതുമ
    B) അനുയോജ്യമായ സാമഗ്രികളുടെ ഉപയോഗം
    C) സംഘബോധം താല്പര്യം ഇവ പ്രകടിപ്പിക്കുന്നു
    D) വരയ്ക്കാനുള്ള പ്രതലത്തെ കുറിച്ചുള്ള ധാരണ

43. പഠനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും കുട്ടിയുടെ പഠനപുരോഗതി വിലയിരുത്തുന്ന രീതി ഏതാണ് ?
    A) യൂണിറ്റ് വിലയിരുത്തൽ
    B) നിദാന ശോധകം
    C) ഇടക്കാല വിലയിരുത്തൽ
    D) നിരന്തര വിലയിരുത്തൽ

44. പ്രീസ്കൂളിൽ പഠനബോധന പ്രക്രിയയ്ക്കായി കഥകൾ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏതാണ് ?
 A) സ്വയം വായിക്കാൻ കഴിയുന്നത്
 B) ക്രിയാത്മക ചിന്തയെ സഹായിക്കുന്നത്
 C) ശബ്ദാനുകരണത്തിന് സാധിക്കുന്നത്
 D) അഭിനയ സാധ്യതയുള്ളത്

45. പഠനപ്രവർത്തനങ്ങൾക്ക് ഏറെ ഫലപ്രദമായി പ്രീസ്കൂളിൽ ഉപയോഗിക്കാവുന്ന ഒരു സംവിധാനം ഏതാണ് ?
 A) ബിഗ് ബുക്ക്
 B) ബിഗ് ഹാറ്റ്
 C) ബിഗ് കാൻവാസ്
 D) ബിഗ് ബാസ്ക്കറ്റ്

46. ശിശുദിന സ്റ്റാമ്പ് പുറത്തിറക്കുന്നതാര് ?
 A) പൊതു വിദ്യാഭ്യാസ വകുപ്പ്
 B) സാമൂഹികനീതി വകുപ്പ്
 C) സമഗ്ര ശിക്ഷ കേരള
 D) സംസ്ഥാന ശിശുക്ഷേമ സമിതി

47. പ്രീസ്കൂളുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പ്രസ്താവനകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നവ മാത്രം തെരെഞ്ഞെടുത്തെഴുതുക.
 i. കുട്ടികളുടെ ആരോഗ്യവും പോഷണവും.
 ii. അധ്യാപക പരിശീലനവും അക്കാദമിക മോണിറ്ററിംഗും.
 iii. കുട്ടികളുടെ സ്ഥിതിവിവര കണക്കുകളും അവസ്ഥാ വിശകലനവും.
 iv. പാഠ്യ പദ്ധതി രൂപീകരണവും സോഴ്സ്ബുക്ക് തയ്യാറാക്കലും.
 A) ii, iii എന്നീ പ്രസ്താവനകൾ
 B) iii, iv എന്നീ പ്രസ്താവനകൾ
 C) ii, iv എന്നീ പ്രസ്താവനകൾ
 D) i, iii എന്നീ പ്രസ്താവനകൾ

48. താഴെ കൊടുത്തവയിൽ ശാരീരിക-ചലനപര ബുദ്ധി വികാസത്തിന് നൽകാവുന്ന ഏറ്റവും അനുയോജ്യമായ പ്രവർത്തനം തെരെഞ്ഞെടുത്തെഴുതുക.
 A) പ്രകൃതി നിരീക്ഷണം
 B) താളാത്മകമായി ചലിക്കൽ
 C) അനുകരണം
 D) കൊളാഷ് നിർമ്മാണം

49. പ്രീസ്കൂൾ കുട്ടികൾക്ക് പാട്ടുകളുടെ അവതരണത്തിന് അവസരം നൽകുമ്പോൾ ടീച്ചർ അധികം പരിഗണിക്കേണ്ടാത്ത മേഖല ഏത് ?
 A) ഈണം
 B) രാഗം
 C) താളം
 D) ഭാവം

50. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്ന വർഷം
 A) 2013
 B) 2005
 C) 1989
 D) 1992

51. ''മുതിർന്നവരെ ഉദ്ദേശിച്ചു കൊണ്ടുള്ള സാഹിത്യത്തിന്റെ ഒരു ഹ്രസ്വവൽക്കരണമല്ല ബാലസാഹിത്യം. അത് ഒരു പ്രത്യേക സത്തയാണ്. അതിന് അതിന്റേതായ ഒരു സ്വത്വമുണ്ട്.'' – ഈ അഭിപ്രായം ആരുടേതാണ് ?
 A) സുഗതകുമാരി
 B) ഡി. സുജാതദേവി
 C) ലളിതാംബിക അന്തർജ്ജനം
 D) സുമംഗല

52. കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധ ബാലസാഹിത്യ മാസിക ഏതാണ് ?
 A) തത്തമ്മ
 B) യുറീക്ക
 C) തളിര്
 D) പൂമ്പാറ്റ

53. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പരിപാടി കളിൽ പെടാത്തത് തെരെഞ്ഞെടുത്തെഴുതുക.
A) ദത്തെടുക്കൽ
B) കളിപ്പാട്ടം
C) ക്രെഷ്
D) അമ്മത്തൊട്ടിൽ

54. വിവിധ വിഷയങ്ങളിലെ അനുഭവങ്ങൾ സമഗ്രമായി കുട്ടികൾക്കു നൽകുന്ന സമീപനത്തിന്റെ പേര് എന്താണ് ?
A) ആഗമന രീതി
B) ചാക്രികാരോഹണ സമീപനം
C) നിഗമന രീതി
D) ഉദ്ഗ്രഥിത സമീപനം

55. പ്രീസ്കൂളിലെ ഫലപ്രദമായ ഒരു പഠനോപകരണമാണ്
A) പാഠപുസ്തകം
B) മണൽത്തടം
C) പോർട്ട്ഫോളിയോ
D) ബ്ലാക്ക് ബോർഡ്

56. പാവകളിയുടെ സ്ക്രിപ്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന സംഗതികളിൽ ഉൾപ്പെടുത്തേണ്ടാത്തത് എഴുതുക.
A) ഉചിതമായ സംഭാഷണം തയ്യാറാക്കൽ
B) ഉച്ചാരണ സ്ഫുടതയും വ്യക്തതയും
C) അനുയോജ്യമായ പശ്ചാത്തലം രൂപകല്പന ചെയ്യൽ
D) ഒരു ഇതിവൃത്തം

57. പ്രീ പ്രൈമറി കുട്ടികൾക്കു കൂടി പ്രയോജനപ്പെടുന്ന തരത്തിൽ രൂപപ്പെടുത്തിയ കളികൾ ഉൾപ്പെട്ട അപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഏതാണ് ?
A) മാർബിൾ
B) ജിമ്പ്
C) ടക്സ് പെയിന്റ്
D) ജികോമ്പ്രിസ്

58. കൈറ്റിന്റെ (KITE) പൂർണ രൂപം എഴുതുക.
A) കേരള ഇൻഫർമേഷൻ ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
B) കേരള ഇൻഫർമേഷൻ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
C) കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
D) കേരള ഇന്നൊവേഷൻ ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

59. 'കുട്ടികൾ ജനിച്ചാൽ അച്ഛനും അമ്മയുമാകാൻ നമുക്ക് കഴിയും. പക്ഷേ നല്ല രക്ഷിതാവ് ആകണമെങ്കിൽ പരിശീലനം നേടുക തന്നെ വേണം' – ആരുടെ അഭി പ്രായമാണ് ?
A) അന്നഫ്രോയ്ഡ്
B) എറിക് എറിക്സൺ
C) മൈക്കൽ സ്റ്റീവൻസൺ
D) വിഗോട്സ്കി

60. തീം ആസൂത്രണം രേഖപ്പെടുത്തുമ്പോൾ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ഏതൊ ക്കെയാണ് ? ഈ പ്രസ്താവനയുമായി പൊരുത്തപ്പെടാത്തത് തെരെഞ്ഞെടു ത്തെഴുതുക.
A) രൂപീകരിക്കേണ്ട ആശയങ്ങൾ
B) പ്രവർത്തനങ്ങളുടെ പ്രക്രിയ വിശദാംശങ്ങൾ
C) കുട്ടികളെ ഗ്രേഡ് ചെയ്യേണ്ട സാധ്യതകൾ
D) അനുരൂപീകരണ സാധ്യതകൾ

61. സ്ക്രീൻ റീഡർ സോഫ്റ്റ്‌വെയർ ഏതു വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് പ്രയോജന കരമാണ് ?

A) കേൾവിക്കുറവ്  B) കാഴ്ചക്കുറവ്
C) ഓട്ടിസം  D) സെറിബ്രൽ പാൾസി

62. പ്രീ പ്രൈമറി കുട്ടികൾക്കു ഫീഡ്ബാക്ക് നൽകുന്നത് എങ്ങനെയൊക്കെയാകാം ? തെറ്റായ പ്രസ്താവന തെരെഞ്ഞെടുത്തെഴുതുക.

A) ലളിതമായ ചോദ്യങ്ങളിലൂടെ
B) ദിശാബോധം നൽകുന്ന സൂചനകളിലൂടെ
C) മറ്റുള്ള കുട്ടികളോട് താരതമ്യം ചെയ്യുന്നതിലൂടെ
D) മാതൃകകൾ അവതരിപ്പിക്കുന്നതിലൂടെ

63. ലേഖന ശേഷി കൈവരിക്കുന്നതിനു മുമ്പുള്ള കുട്ടികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവിഷ്കാര രീതി ഏതാണ് ?

A) സംഭാഷണം  B) ചിത്രവായന
C) കഥപറയൽ  D) ചിത്രം വര

64. താഴെ പറയുന്ന പേരുകളിൽ നിന്നും മാനവികതാവാദത്തിൽ ഉൾപ്പെടുന്ന വ്യക്തിയെ തിരഞ്ഞെടുക്കുക.

A) ഇയാൻ പാവ്‌ലോവ്  B) കാൾ റോജേഴ്സ്
C) ബി. എഫ്. സ്കിന്നർ  D) സിഗ്മണ്ട് ഫ്രോയിഡ്

65. മന:ശ്ശാസ്ത്രത്തിൽ സമഗ്രത എന്ന ആശയം മുന്നോട്ട് വെയ്ക്കുന്ന സമീപനത്തെ തിരഞ്ഞെടുക്കുക.

A) ബിഹേവറിസം  B) ഹുമാനിറ്റിസം
C) ഗെസ്റ്റാൾട്ട് മന:ശ്ശാസ്ത്രം  D) മനോവിശ്ലേഷണ സിദ്ധാന്തം

66. NCTE (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) രൂപീകൃതമായ വർഷം തിരഞ്ഞെടുക്കുക.

A) 1973  B) 1983  C) 1993  D) 2003

67. താഴെ പറയുന്നവയിൽ ആദ്യബാല്യത്തിൽ പെടാത്തത് തിരഞ്ഞെടുക്കുക.

A) നടക്കാൻ പഠിക്കുന്നു
B) സംസാരിക്കാൻ പഠിക്കുന്നു
C) വൈകാരിക സ്വതന്ത്ര്യം ആർജ്ജിക്കുന്നു
D) കട്ടിയുള്ള ആഹാരങ്ങൾ കഴിക്കാൻ ശീലിക്കുന്നു

68. വ്യക്തിത്ത്വ പഠനത്തിൽ അന്തർമുഖത, ബഹിർമുഖത എന്ന ആശയം നിർദ്ദേശിച്ച മന:ശ്ശാസ്ത്രജ്ഞനെ താഴെ പറയുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

A) ഐസങ്ക്  B) ആൽപോർട്ട്  C) കാറ്റൽ  D) ഷെൽഡൻ

69. പത്ത് വയസ്സുള്ള ആനിമോളുടെ ഐക്യു നൂറ് ആണെങ്കിൽ ആനിമോളുടെ മാനസ്സിക വയസ്സ് (MA) എത്ര ?

A) 80  B) 90  C) 100  D) 110

70. ഗാഗ്നെ വിഭാവനം ചെയ്ത പഠന ശ്രേണിയിൽ താഴെ നിന്നും രണ്ടാമത്തെ ഘട്ടം തിരഞ്ഞെടുക്കുക.
   A) പ്രശ്നപരിഹാര ഘട്ടം (പ്രോബ്ലം സോൾവിഗ് ഘട്ടം)
   B) സൂചനാ പഠനഘട്ടം (സിഗ്നൽ ലേണിംഗ് ഘട്ടം)
   C) ചോദക പ്രതികരണ ഘട്ടം (സ്റ്റിമുലസ് റെസ്പോൺസ് ഘട്ടം)
   D) ശൃംഖല ഘട്ടം (ചെയ്നിഗ് )

71. ലാഗ്വേജ് ആൻഡ് തോട്ട് (Language and Thought) എന്ന പുസ്തകത്തിന്റെ രചയിതാവ് ആര് ?
   A) നോം ചോമ്സ്കി
   B) ജീൻ പിയാഷെ
   C) ലെവ് വൈഗോഡ്സ്കി
   D) ജെറോം എസ്. ബ്രൂണർ

72. താഴെ പറയുന്നവയിൽ ബ്രൂണറുമായി ഏറ്റവും ബന്ധമുള്ള ആശയം തിരഞ്ഞെടുക്കുക.
   A) ചാക്രികാരോഹണ രീതി
   B) നേർരേഖാ രീതി
   C) ചാക്രികവരോഹണാരീതി
   D) ഋജുരേഖാ രീതി

73. താഴെ പറയുന്നവയിൽ പ്രക്ഷേപണ തന്ത്രത്തിൽ പെടാത്തത് തിരഞ്ഞെടുക്കുക.
   A) റോഷാക്കിന്റെ മഷിയൊപ്പ് തന്ത്രം
   B) മുറെയുടെ തീമാറ്റിക്ക് തന്ത്രം
   C) വാക്യ പൂരണ തന്ത്രം (സെന്റൻസ് കംപ്ലീഷൻ തന്ത്രം)
   D) അലക്സാൻഡർ പാസ്സ് എലോൻഗ് ടെസ്റ്റ്

74. പാറുകുട്ടി എന്ന രണ്ടു വയസ്സുകാരി ജീവനില്ലാത്ത വസ്തുക്കളോടും സംവദിക്കാൻ ശ്രമിക്കുന്നു. ഇതിനെ പിയാഷയുടെ ഏത് ആശയവുമായി കൂട്ടി ചേർക്കാം ?
   A) ആനിമിസം
   B) ഒബ്ജക്റ്റ് പെർമനൻസ്
   C) കൺസർവേഷൻ
   D) റിവേർസിബിലിറ്റി

75. നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020-ന്റെ ചെയർമാൻ ആരായിരുന്നു?
   A) നരേന്ദ്ര മോഡി
   B) കസ്തൂരിരംഗൻ
   C) ധർമ്മേന്ദ്ര പ്രദാൻ
   D) നിർമ്മല സീതാരാമൻ

76. നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ പ്രിപ്പറേറ്ററി സ്റ്റേജ് എന്നാൽ
   A) മൂന്ന് മുതൽ അഞ്ച് വയസ്സുവരെ
   B) മൂന്ന് മുതൽ എട്ട് വയസ്സ് വരെ
   C) അഞ്ച് മുതൽ എട്ട് വയസ്സ് വരെ
   D) അഞ്ച് മുതൽ ഒൻപത് വയസ്സ് വരെ

77. കേരളാ കരിക്കുലം ഫ്രെയിം വർക്ക് 2023-ൽ (KCF 2023) സൂചിപ്പിച്ചിരിക്കുന്ന ഫോക്കസ്സ് ഏരിയകളുടെ എണ്ണം എത്ര ?
   A) 20
   B) 22
   C) 24
   D) 26

78. സമഗ്ര ശിക്ഷ കേരള (SSK) യുടെ ചുമതലയുള്ള മന്ത്രിയും വകുപ്പും താഴെ പറയുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.
   A) ശ്രീമതി ആർ ബിന്ദു – ഉന്നത വിദ്യാഭ്യാസ വകുപ്പ്
   B) ശ്രീമതി വീണാ ജോർജ് – വനിതാ ശിശു വികസന വകുപ്പ്
   C) ശ്രീ ശിവൻ കുട്ടി – പൊതു വിദ്യാഭ്യാസ വകുപ്പ്
   D) ശ്രീ എം. ബി. രാജേഷ് – തദ്ദേശ സ്വയംഭരണ വകുപ്പ്

79. ഉദ്യമിപ്പിക്കുന്ന പ്രതിചേഷ്ടയെ (എമിറ്റഡ് റെസ്പോൺസ്) കുറിച്ച് പ്രതിപാദിക്കുന്ന സിദ്ധാന്തം തിരഞ്ഞെടുത്ത് എഴുതുക.
   A) ക്ലാസിക്കൽ കണ്ടീഷനിംഗ് സിദ്ധാന്തം
   B) ഓപ്പറന്റ് കണ്ടീഷനിംഗ് സിദ്ധാന്തം
   C) ശ്രമപരാജയ സിദ്ധാന്തം (ട്രയൽ ആൻഡ് എറർ)
   D) ബൗദ്ധിക ചിത്ര സിദ്ധാന്തം (കോഗ്നിറ്റീവ് മാപ്പ്)

80. ആഗോള ശിശുദിനമായി ആചരിക്കുന്ന ദിവസം ഏത് ?
   A) ഒക്ടോബർ 5 B) നവംബർ 11 C) നവംബർ 14 D) നവംബർ 20

81. കളിരീതിയ്ക്ക് (പ്ലേ വേ മെത്തേഡ്) പ്രാധാന്യം നല്കി പ്രചരിപ്പിച്ചതാര് ?
   A) ഫ്രോബൽ B) റൂസ്സോ
   C) കാതറിൻ ബ്രിഡ്ജസ് D) പിയാഷേ

82. താഴെ പറയുന്നവയിൽ മരിയ മോണ്ടിസോറിയുടെ ആശയങ്ങളുമായി കൂടുതൽ യോജിക്കുന്നത് തിരഞ്ഞെടുക്കുക.
   A) കുട്ടികളെ പഠിപ്പിക്കുക
   B) കുട്ടികളെ നിർദ്ദേശങ്ങൾ നൽകി തിരുത്തുക
   C) കുട്ടികളെ ബഹുമാനിക്കുക
   D) കുട്ടികളുമായി ആശയ സംവാദത്തിൽ ഏർപ്പെടുക

83. ECCE യ്ക്ക് ശരിയായ ആശയം തിരഞ്ഞെടുത്ത് എഴുതുക.
   A) ഏർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ
   B) എൻഹാൻസ് ചിൽഡ്രൻസ് കെയർ ആൻഡ് എഡ്യൂക്കേഷൻ
   C) ഏർലി ചിൽഡ്രൻസ് കെയർ ആൻഡ് എൻഹാൻസ്മെന്റ്
   D) എൻഹാൻസ്ഡ് ചിൽഡ്രൻ വിത്ത് കെയർ ആൻഡ് എഡ്യൂക്കേഷൻ

84. താഴെ പറയുന്നവയിൽ നിന്നും ക്രിയാഗവേഷണവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.
   A) താല്കാലിക ഊഹങ്ങൾക്ക് (ഹൈപ്പോതിസീസ്) പ്രസക്തിയില്ല.
   B) ലോക്കൽ ആയി അനുഭവപ്പെടുന്ന വിഷയങ്ങളിൽ ക്രിയാഗവേഷണം നടത്താവുന്നതാണ്.
   C) ക്രിയാഗവേഷണം കുട്ടികളിൽ നടത്തുവാൻ പാടില്ല.
   D) ക്രിയാഗവേഷണം നടത്താൻ ഏറ്റവും കുറഞ്ഞത് ഒരു വർഷം എങ്കിലും വേണ്ടി വരും.

85. താഴെ കൊടുത്തിരിക്കുന്ന പേരുകളിൽ നിന്നും വൈകാരിക ബുദ്ധിയുമായി ബന്ധപ്പെട്ട പേര് തിരഞ്ഞെടുക്കുക.
   A) ആൽഫ്രഡ് ബിനറ്റ് B) വില്യം സ്റ്റേൺ
   C) ഹൊവാർഡ് ഗാർഡ്നർ D) മേയർ ആൻഡ് സലോവി

86. വിദ്യാ പ്രവേശ് പദ്ധതിയുടെ പരമ പ്രധാനമായ ലക്ഷ്യങ്ങളിൽ പെടുന്നത് തിരഞ്ഞെടുക്കുക.
   A) ഒന്നാം ക്ലാസിലെ കുട്ടികളെ അക്ഷരങ്ങൾ കൃത്യമായി പഠിപ്പിക്കുക.
   B) വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളെ ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് സജ്ജമാക്കുക.
   C) ഒന്നാം ക്ലാസ്സിൽ പഠിപ്പിക്കാൻ നിയോഗിച്ച അദ്ധ്യാപകർക്ക് ശരിയായ രീതിയിൽ പരിശീലനം നൽകുക.
   D) ഒന്നാം ക്ലാസ്സിൽ പ്രവേശനം നല്കുന്നത് കുട്ടികളുടെ കഴിവ് നോക്കി മാത്രം ആയിരിക്കണം.

87. വൈഗോഡ്സ്കിയുടെ സമീപസ്ഥല വികസനം എന്ന ആശയവുമായി യോജിക്കുന്ന പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
   1. സമപ്രായക്കാർക്കും, മുതിർന്നവർക്കും അദ്ധ്യാപകർക്കും കുട്ടിയുടെ വികസനത്തിൽ പങ്കുണ്ട്.
   2. സ്കൂൾ ലൈബ്രറിക്കും, സ്കൂൾ കളിസ്ഥലങ്ങൾക്കും കുട്ടിയുടെ വികസനത്തിൽ പങ്കുണ്ട്.
   3. സ്കൂൾ ലാബ്, കുട്ടികളുടെ കൂട്ടായ്മ എന്നിവയ്ക്കും കുട്ടിയുടെ വികസനത്തിൽ പങ്കുണ്ട്.
   4. അദ്ധ്യാപകൻ നിർബന്ധമായും വിദ്യാർത്ഥിയെ നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി ക്ലാസ്സ് എടുത്തും ഹോം വർക്കുകൾ നല്കിയും വിദ്യാർത്ഥിയുടെ വികസനം ഉറപ്പാക്കണം.

   A) 1 മാത്രമാണ് ശരി
   B) 1, 2 മാത്രമാണ് ശരി
   C) 4 മാത്രമാണ് ശരി
   D) 1, 2, 3 മാത്രമാണ് ശരി

88. എൻ. സി. ടി. ഇ. നിർദ്ദേശിക്കുന്ന അദ്ധ്യാപകയോഗ്യതാ മാനദണ്ഡപ്രകാരം പ്രീസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപികയ്ക്ക് നൽകേണ്ടത്
   A) രണ്ടുവർഷത്തെ പ്രായോഗികാധിഷ്ഠിത പ്രീസർവ്വീസ് പരിശീലനം
   B) രണ്ടുവർഷത്തെ പ്രീസർവ്വീസ് പരിശീലനം
   C) ഒരു വർഷത്തെ അദ്ധ്യാപക പരിശീലനം
   D) ആറുമാസത്തെ ഓറിയന്റേഷൻ പരിശീലനം

89. NCTE യുടെ പൂർണ്ണരൂപം
   A) National Conference for Teacher Education
   B) National Council for Teacher Evaluation
   C) National Council for Teacher Education
   D) Nursery Council for Teacher Education

90. പ്രീസ്ക്കൂൾ അദ്ധ്യാപകരുടെ സേവനകാല പരിശീലനത്തിനായി സംസ്ഥാനതലത്തിൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. ഇവയിൽ ശരിയായത് ഏത് ?
   i. പ്രതിമാസ ആസൂത്രണ-വിലയിരുത്തൽ ശില്പശാലകൾ നടക്കുന്നു.
   ii. വിവരവിനിമയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള പരിശീലനങ്ങൾ നടക്കുന്നു.
   iii. ജില്ലാ/ഉപജില്ലാ തലങ്ങളിൽ ഏകദിന ശില്പശാലകൾ നടക്കുന്നു.

   A) i മാത്രം ശരിയാണ്
   B) ii and iii ശരിയാണ്
   C) i and iii ശരിയാണ്
   D) എല്ലാം i, ii and iii ശരിയാണ്

91. അദ്ധ്യാപക നിയമനങ്ങൾക്കും പരിശീലനത്തിലും തിരഞ്ഞെടുക്കുമ്പോൾ മറ്റ് യോഗ്യതകൾ കൂടാതെ, പരിഗണിക്കേണ്ട ചില ഗുണഗണങ്ങളിൽ ചുവടെ തന്നിരിക്കുന്നതിൽ അനുയോജ്യമല്ലാത്തത് ഏത് ?
   i. പഠിതാക്കളിലും, ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലും താല്പര്യവും ഊർജ്ജസ്വലതയും ജാഗ്രതയും പുലർത്തണം.
   ii. ശിശുക്കളോട്, സമാധാനത്തോടെയും, ദയാവായ്പോടെയും അനുതാപത്തോടെയും വിശ്വസ്തതയോടെയുമുള്ള പെരുമാറ്റം.
   iii. സ്വന്തം തെറ്റുകൾ അംഗീകരിക്കാനും തിരുത്തുവാനുമുള്ള പ്രയാസം.

   A) i മാത്രം ശരി
   B) i and ii ശരി
   C) ii and iii ശരി
   D) iii മാത്രം ശരി

92. ''പോഷൺ അഭിയാൻ'' (National Nutrition Mission) എന്ന പദ്ധതി ആവിഷ്കരിച്ചതിന്റെ ലക്ഷ്യം
   A) ഗുണമേന്മയുള്ള പോഷകാഹാരം എല്ലാവർക്കും എത്തിക്കുക
   B) കേരളത്തിലെ അമ്മമാരിലും കുട്ടികളിലും ഉണ്ടാകുന്ന പോഷകക്കുറവ് പരിഹരിക്കുക
   C) കേരളത്തിലെ കുട്ടികൾക്ക് പോഷകമൂല്യമുള്ള ആഹാരം നൽകുക
   D) ഇവയൊന്നുമല്ല

93. ജലത്തിൽ ലയിക്കുന്ന രണ്ട് ജീവകങ്ങളാണ് താഴെ തന്നിരിക്കുന്നത്. ശരിയേത് ?
   i. ജീവകം എ, ജീവകം ഡി
   ii. ജീവകം ബി കോംപ്ലക്സ്, ജീവകം ഇ
   iii. ജീവകം സി, ജീവകം കെ
   iv. ജീവകം ബി കോംപ്ലക്സ്, ജീവകം സി

   A) i and ii ശരിയാണ്
   B) iii and iv ശരിയാണ്
   C) iii മാത്രം ശരിയാണ്
   D) iv മാത്രം ശരിയാണ്

94. പ്രീസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപികയ്ക്ക് രണ്ടുവർഷത്തെ പ്രായോഗികാധിഷ്ഠിത പ്രീസർവ്വീസ് പരിശീലനമാണ് നൽകേണ്ടത് എന്ന് നിർദ്ദേശിക്കുന്നത്
   A) എൻ സി ഇ ആർ ടി (NCERT)
   B) എസ് സി ഇ ആർ ടി (SCERT)
   C) എൻ സി ടി ഇ (NCTE)
   D) എസ് ഐ ഇ ടി (SIET)

95. പ്രീസ്ക്കൂൾ കുട്ടികൾക്ക് സ്വതന്ത്രമായി കളികളിൽ ഏർപ്പെടുവാൻ പര്യാപ്തമായ കളിസ്ഥലത്തിന്റെ വിസ്തൃതി
   A) കുറഞ്ഞത് 300 ചതുരശ്രമീറ്റർ
   B) കുറഞ്ഞത് 200 ചതുരശ്രമീറ്റർ
   C) കുറഞ്ഞത് 500 ചതുരശ്രമീറ്റർ
   D) കുറഞ്ഞത് 700 ചതുരശ്രമീറ്റർ

96. ശിശുസേവികയായി പ്രവർത്തിക്കുന്നവർക്ക് ഒരു വർഷത്തെ പരിശീലനത്തോടൊപ്പം __________ കൂടി ആവശ്യമാണ്.

i. പരിശീലന ഉള്ളടക്കത്തെക്കുറിച്ച് സാമാന്യമായി പരിചയപ്പെടുക.

ii. സ്ഥാപന നടത്തിപ്പ്, പോഷണം, ശുചിത്വം, രക്ഷാകർത്തൃബന്ധം, സ്നേഹ പൂർണ്ണമായ ഇടപെടൽ തുടങ്ങിയ കാര്യങ്ങൾ ഊന്നൽ നൽകുക.

A) i മാത്രം ശരിയാണ്
B) എല്ലാം i and ii ശരിയാണ്
C) ii മാത്രം ശരിയാണ്
D) എല്ലാം i and ii തെറ്റാണ്

97. ശരിയായ ചേരുംപടി കണ്ടെത്തുക.

i. വിറ്റാമിൻ എ – രാത്രി അന്ധത
ii. വിറ്റാമിൻ ബി 1 – ബെറിബെറി
iii. വിറ്റാമിൻ സി – സ്കർവ്വി
iv. വിറ്റാമിൻ ഡി – റിക്കറ്റുകൾ

A) i and ii ശരിയാണ്
B) ii and iii ശരിയാണ്
C) iii and iv ശരിയാണ്
D) i, ii, iii, and iv ശരിയാണ്

98. ടൈപ്പ് 1 പ്രമേഹത്തിൽ, ശരീരത്തിന് ഇൻസുലിൻ നിർമ്മിക്കാൻ കഴിയില്ല. കാരണം

A) ശരീരത്തിൽ അമിതമായി ഇൻസുലിൻ നേരത്തേതന്നെ നിർമ്മിച്ചിരിക്കുന്നതിനാൽ
B) ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനം ഇൻസുലിൻ ഉത്പാദിപ്പിക്കുന്ന കോശങ്ങളെ ആക്രമിക്കുകയും കേടുവരുത്തുകയും ചെയ്യുന്നു
C) ശരീരത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടുതൽ ഉള്ളതിനാൽ
D) ശരീരത്തിൽ ഇൻസുലിൻ ഉത്പാദനം നിയന്ത്രണാനിധേയമായതിനാൽ

99. 'ലോകത്തിൽ ഏറ്റവും കൂടുതൽ പൊണ്ണത്തടിയുള്ള കുട്ടികളാണ് ഇന്ത്യയിലുള്ളത്' എന്ന യാഥാർത്ഥ്യത്തിൽ നിന്നും നമ്മുടെ കുട്ടികളെ രക്ഷിക്കാനായി പ്രീസ്ക്കൂൾ തലത്തിൽ നൽകാവുന്ന പ്രവർത്തനങ്ങളിൽ ശരിയായവ കണ്ടെത്തുക.

i. നടത്തം, ഓട്ടം, നൃത്തം തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങളിലും പുറം കളികളിലും ഏർപ്പെടൽ.

ii. കംപ്യൂട്ടർ, മൊബൈൽ ഗയിമുകളിൽ ഏർപ്പെടൽ.

iii. കുട്ടികൾക്ക് അമിതഭക്ഷണം, ജങ്ക് ഫുഡ്, വറുത്ത ഭക്ഷണം എന്നിവ സ്ഥിരമായി നൽകുക.

iv. പഴങ്ങളും, പച്ചക്കറികളും പാലും പാലുല്പന്നങ്ങളും ഉൾപ്പെടുത്തി ആരോഗ്യ കരമായ ഭക്ഷണം നൽകുക.

A) i and iv ശരിയാണ്
B) ii and iii ശരിയാണ്
C) iii and iv ശരിയാണ്
D) i and ii ശരിയാണ്

100. ആരോഗ്യകരവും സമീകൃതവുമായ ഭക്ഷണത്തിൽ ഉൾപ്പെട്ടിരിക്കുന്ന പോഷകങ്ങൾ

i. വിറ്റാമിനുകൾ, ധാതുക്കൾ, ആന്റി ഓക്സിഡന്റുകൾ

ii. അന്നജവും നാരും ഉൾപ്പെടെയുള്ള കാർബോഹൈഡ്രേറ്റുകൾ

iii. ആരോഗ്യകരമായ കൊഴുപ്പുകൾ

iv. പ്രോട്ടീൻ

A) i and ii ശരിയാണ്
B) ii and iii ശരിയാണ്
C) iii and iv ശരിയാണ്
D) i, ii, iii and iv ശരിയാണ്

## Space for Rough Work